## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3457 — 14-03-2017-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ടി.എ. റഹീം | ശ്രീ. പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | അക്ഷയ കേന്ദ്രങ്ങൾ പുതുതായി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 4 ഉം, മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6 ഉം കോർപ്പറേഷനുകളിൽ കുടുംബസാന്ദ്രതക്കനുസരിച്ച് അതാത് കോർപ്പറേഷനുകൾ ആവശ്യപ്പെടുന്നതനുസരിച്ചുമാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകി വരുന്നത്. എന്നാൽ രണ്ടു അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി 2 കിലോ മീറ്ററിൽ കൂടുതൽ ആയിരിക്കണം. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ സർക്കാർ ഉത്തരവിനനുസരിച്ച് പരിമിതപ്പെടുത്തിയിട്ടുള്ള അക്ഷയ കേന്ദ്രങ്ങൾ ഇല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രമേയം പാസാക്കിയാൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുണ്ടോ; | (ബി) യും (സി) യും | നിലവിലുണ്ടായിരുന്ന കേസ് തീർപ്പായിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിൽ കോടതിയുടെ സ്റ്റേ നിലവിലുണ്ടോ; എങ്കിൽ ആയത് നീക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ